പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2808

14.12.2015-ലെ മറുപടിയ്ക്ക്

## കാലടി- മലയാറ്റൂർ-അതിരപ്പള്ളി ടൂറിസം സർക്യൂട്ട്

ചോദ്യം

ശ്രീ.ജോസ് തെറ്റയിൽ

(എ) 24.06.2012 ൽ 44 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ കാലടി- മലയാറ്റൂർ-അതിരപ്പിള്ളി ടൂറിസം സർക്യൂട്ടിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത മാസ്റ്റർ പ്ലാൻ എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ശ്രീ.എ.പി.അനിൽ കുമാർ
(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

(എ) യും (ബി) യും (സി) യും

24.06.2013-ലെ സർക്കാർ ഉത്തരവ് പ്രകാരം കാലടി-മലയാറ്റൂർ-അതിരപ്പള്ളി ടൂറിസം സർക്യൂട്ടിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി 44 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിനായി കിറ്റ്പാക് എന്ന ഏജൻസിയെ ചുമതലപ്പെടുത്തി. പ്രസ്തുത മാസ്റ്റർ പ്ലാൻ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ